**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 27** **22-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി നാളിതുവരെ ഏതൊക്കെ ഏജൻസികളിൽ നിന്നും എത്ര കോടി രൂപ സമാഹരിച്ചുവെന്നും ആയതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | കിഫ്ബി 2021 ജൂൺ 30 പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസിന്റെയും വിഹിതമായി 8536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17598.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 12577.8 കോടി രൂപ പദ്ധതികൾക്കായും 1075.8 കോടി രൂപ വായ്പയുടെ തിരിച്ചടവിനും (മുതലും പലിശയും) വിനിയോഗിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കിഫ്ബിയിലൂടെ എപ്രകാരമുള്ള പദ്ധതികൾക്കാണ് ഈ സർക്കാർ മുൻതൂക്കം നൽകാൻ ഉദ്ദേശിക്കുന്നത്; 2021-22 വർഷം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കിഫ്ബി മുഖാന്തിരം പൊതുമരാമത്ത്, ഗതാഗതം, കൃഷി, പിന്നോക്ക സമുദായ വികസനം, സാംസ്കാരികം, ഫിഷറീസ്, വനം, ദേവസ്വം, വ്യവസായം, വൈദ്യുതി, തദ്ദേശ സ്വയംഭരണം, കായികം, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, റവന്യൂ, രജിസ്ട്രേഷൻ, ടൂറിസം, കോസ്റ്റൽ ഷിപ്പിങ്ങ്&ഇൻലാന്റ് നാവിഗേഷൻ, ആരോഗ്യം, ജലവിഭവം, വിദ്യാഭ്യാസം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ നടപ്പിലാക്കാനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. 2021-22 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 4 പദ്ധതികളാണ് കിഫ്ബി വഴി നടത്തുവാനായി പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ അടങ്കൽ തുക നിർണ്ണയിച്ചു വരുന്നതേയുള്ളൂ. |
| (സി) | കിഫ്ബി മുഖേന നിലവിൽ എത്ര കോടി രൂപയുടെ വിവിധ പദ്ധതികൾ നടന്നുവരുന്നുവെന്നും ആയവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | കിഫ്ബി മുഖേന നിലവിൽ 63,257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ 16,746.07 കോടി രൂപയുടെ 486 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും 2,956.14 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു പദ്ധതികൾ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. കിഫ്‌ബി അതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Banks/ Financial Institution | Amount Sanctioned (In ₹ Cr.) | Amount Availed (In ₹ Cr.) |
|---|---|---|
| NABARD - I | 565.00 | 565.00 |
| NABARD - II | 1,061.73 | 800.00 |
| SBI | 1,000.00 | 1,000.00 |
| Indian Bank- I | 500.00 | 500.00 |
| Indian Bank- II | 500.00 | 200.00 |
| Union Bank of India | 500.00 | 500.00 |
| Syndicate Bank | 200.00 | 200.00 |
| Corporation Bank | 250.00 | 250.00 |
| Bank of Baroda | 750.00 | 750.00 |
| REC Ltd | 2,000.80 | 1,500.00 |
| Masala Bond | 2,150.00 | 2,150.00 |
| KSFE Bonds | 432.79 | 432.79 |
| Dividend Scheme | 214.11 | 214.11 |
| **Total** | **10,124.43** | **9,061.90** |

സെക്ഷൻ ഓഫീസർ